പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4305 17.12.2014-ൽ മറുപടിക്ക്

## വ്യാജ ഡോക്ടർമാരുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ<br>,, വി.എം.ഉമ്മർ മാസ്റ്റർ<br>,, എൻ .എ.നെല്ലിക്കുന്ന്<br>,, കെ.എൻ.എ.ഖാദർ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) അംഗീകാരമില്ലാത്ത യോഗ്യതകൾ പ്രദർശിപ്പിച്ച് ചികിത്സ നടത്തുന്ന വ്യാജ ഡോക്ടർമാർ സംസ്ഥാനത്തു പ്രവർത്തിക്കുന്നതായി റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) യാതൊരു സാങ്കേതിക യോഗ്യതകളുമില്ലാത്തവർ നാട്ടിൻപുറങ്ങളിലും, ചെറുനഗരങ്ങളിലും സർജറികൾ ഉൾപ്പെടെയുള്ള ചികിത്സകൾ നടത്തുന്നതു കണ്ടെത്താനും, നടപടി സ്വീകരിക്കാനും എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്നു വ്യക്തമാക്കുമോ; | (ബി) നിലവിലുള്ള നിയമപ്രകാരം ആരോഗ്യ വകുപ്പിലും സംസ്ഥാന പോലീസിലും ഇപ്രകാരമുള്ള പരാതികൾ അന്വേഷിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്. ആരോഗ്യ വകുപ്പിന്റെ കീഴിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ സംസ്ഥാന വിജിലൻസ് വിഭാഗവും റീജിയണൽ വിജിലൻസ് യൂണിറ്റ് 1, 2, 3 എന്നീ യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. പരാതികൾ ലഭിച്ചാൽ മേൽ സൂചിപ്പിക്കുന്ന സ്ഥാപനങ്ങൾ അന്വേഷിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ജില്ലാതലത്തിൽ ലഭിക്കുന്ന പരാതിയിൽ ജില്ലാ മെഡിക്കൽ ഓഫീസർമാർ അന്വേഷണം നടത്തി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യുന്നതനുസരിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) നിലവിലെ സംവിധാനം ഉപയോഗപ്പെടുത്തി രണ്ടുവർഷത്തിനിടെ എത്ര വ്യാജ ചികിത്സകരെ കണ്ടെത്താനായിട്ടുണ്ടെന്നു വിശദമാക്കുമോ; | (സി) രണ്ട് പേരെയാണ് ഇപ്രകാരം കണ്ടെത്തിയിട്ടുള്ളത്. ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ശ്രീ.രാജ്കുമാറിനെതിരെയും ഒപ്റ്റോമെട്രിസ്റ്റ് ശ്രീ.നിസ്സാമുദ്ദീനെതിരേയുമുള്ള പരാതികൾ അന്വേഷിച്ച് സത്യമാണെന്ന് തെളിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ